"ഭരണഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ജി1/110/2015

ചാക്ക, തിരുവനന്തപുരം 7

തീയതി: 13/05/2015

## ചുറ്ററിയിപ്പ്

വിഷയം: വ്യവസായിക പരിശീലന വകുപ്പ് - ഫെബ്രുവരി 2014 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ), ആഗസ്റ്റ് 2014 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ), (രണ്ടാം സെമസ്റ്റർ) എന്നീ പരീക്ഷകളിൽ പങ്കെടുത്ത ട്രെയിനികൾക്ക് മാർക്ക് ഷീറ്റുകൾ വിതരണം ചെയ്യുന്നത് - സംബന്ധിച്ച്

ഫെബ്രുവരി 2014 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ), ആഗസ്റ്റ് 2014 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ), (രണ്ടാം സെമസ്റ്റർ) എന്നീ പരീക്ഷകളിൽ പങ്കെടുത്ത ട്രെയിനികൾക്ക് മാർക്ക് ഷീറ്റുകൾ ഓൺ ലൈൻ മുഖാന്തിരം പ്രിൻറ് ചെയ്ത് എടുക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

1. വകുപ്പിൻെറ വെബ് സൈറ്റായ www.det.kerala.gov.in എന്ന സൈറ്റ് സന്ദർശിക്കുക
2. ടി വെബ് സൈറ്റിൽ www.itdkerala.org എന്ന ലിങ്ക് click ചെയ്യുക
3. ടി സമയം www.itdkerala.org എന്ന വെബ് സൈറ്റിൻെറ ഹോം പേജ് ദൃശ്യമാകും.
4. ടി ഹോം പേജിൻെറ വലത്തെ അറ്റത്ത് log in എന്ന ബട്ടൺ കാണാം
5. ടി log in ബട്ടൺ click ചെയ്യുക.

6. ടി സമയംഐ.ടി.ഐ. യുടെ യൂസർ ഐ.ഡിയും പാസ്സ് വേർഡും ആവശ്യപ്പെടുന്ന ബോക്സ് കാണാം

7. ടി ബോക്സിൽ ഡയറക്ടറേറ്റിൽ നിന്ന് നോഡൽ ഐ.ടി.ഐ. മുഖാന്തിരം കൈമാറിയിട്ടുള്ള ഐ.ടി.ഐ. കളുടെ യൂസർ ഐ.ഡിയും പാസ് വേർഡും ടൈപ്പ് ചെയ്ത് നൽകുക.

8. ടി സമയം ടി ഐ.ടി.ഐ. യുടെ പേരും NCVT, SCVT എന്നീ രണ്ട് ബട്ടണുകളും ദൃശ്യമാകുന്നതാണ്.

9. ഇതിൽ NCVT ബട്ടൺ Click ചെയ്യുക. ടി സമയം Mark Sheet എന്ന ബട്ടൺ ദൃശ്യമാകുന്നതാണ്

10. അതിന് ശേഷം Mark Sheet ബട്ടൺ Click ചെയ്യുക. ടി സമയം 2014 ഫെബ്രുവരി (ഒന്നാം സെമസ്റ്റർ), 2014 ആഗസ്റ്റ് (ഒന്നാം സെമസ്റ്റർ), (രണ്ടാം സെമസ്റ്റർ) എന്നീ ബട്ടണുകൾ ദൃശ്യമാകുന്നതാണ്. ഇതിൽ 2014 ഫെബ്രുവരി (ഒന്നാം സെമസ്റ്റർ) Click ചെയ്യുക. ടി സമയം ടി സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത ട്രെയിനികളുടെ റോൾ നമ്പർ, പേര് എന്നിവ ദൃശ്യമാകുന്നതാണ്. കൂടാതെ ടി പേജിൻെറ മുകൾ ഭാഗത്തായി Trade Wise Select ചെയ്യുന്ന ബോക്സ് കാണാവുന്നതാണ്. ഇതിൽ Trade select ചെയ്താൽ ഓരോ ട്രേഡിലുള്ള ട്രെയിനികളുടെ വിവരങ്ങൾ കാണാവുന്നതാണ്.

11. ട്രെയിനികളുടെ റോൾ നമ്പറിൽ Click ചെയ്യുമ്പോൾ ടി ട്രെയിനിയുടെ Mark Sheet ദൃശ്യമാകുന്നതാണ്. ടി മാർക്ക് ഷീറ്റിൻെറ മുകൾ ഭാഗത്ത് Print എന്ന ബട്ടൺ കാണാവുന്നതാണ്. ടി ബട്ടൺ Click ചെയ്താൽ ടി മാർക്ക് ഷീറ്റ് പ്രിൻറ് എടുക്കാവുന്നതാണ്.

12. സെമസ്റ്റർ പരീക്ഷയിൽ വിജയിച്ച ട്രെയിനികൾക്കും പരാജയപ്പെട്ട ട്രെയിനികൾക്കും മാർക്ക് ഷീറ്റുകൾ പ്രിൻറ് എടുക്കാവുന്നതാണ്.

13. ഇതേ രീതിയിൽ മറ്റ് പരീക്ഷകളുടെ മാർക്ക് ഷീറ്റും പ്രിൻറ് എടുക്കാവുന്നതാണ്.

14. ട്രെയിനികൾക്ക് വിതരണം നടത്തുന്ന മാർക്ക് ഷീറ്റുകൾക്ക് പൊതുവായ രീതിയിൽ പ്രിൻറ് എടുക്കുന്നതിൻെറ ഭാഗമായി A4 Size ലുള്ള ലീഗൽ പേപ്പറിൽ (ഇളം പച്ച നിറം) വേണം മാർക്ക് ഷീറ്റുകൾ പ്രിൻറ് എടുക്കേണ്ടത്.

ഇപ്രകാരം പ്രിൻറ് എടുക്കുന്ന മാർക്ക്ഷീറ്റും റിസൾട്ട് പ്രഖ്യാപിച്ച സമയത്ത് ഓൺ ലൈൻ മുഖേന ലഭിച്ച് മാർക്ക്/റിസൾട്ട് എന്നീ വിവരങ്ങളുമായി ഒത്തുനോക്കി പരിശോധിച്ച് മാർക്ക് ഷീറ്റിലുള്ള വിവരങ്ങൾ ശരിയാണെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതിൻെറ പൂർണ്ണമായ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാൾ മാർക്ക് മാത്രമായിരിക്കും എന്തെങ്കിലും വ്യത്യാസം ശ്രദ്ധയിൽപ്പെട്ടാൽ ടി വിവരം അടിയന്തിരമായി ട്രേഡ് ടെസ്റ്റ് ഓഫീസറെ അറിയിക്കേണ്ടതാണ്. ഇപ്രകാരം എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പാക്കിയ ശേഷം മാത്രമേ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്/സൂപ്രണ്ട് മാർക്ക് ഷീറ്റിൽ Checked എന്ന ഭാഗത്ത് ഒപ്പ് രേഖപ്പെടുത്താവു. അതിന് ശേഷം പ്രിൻസിപ്പാൾമാർ ഒപ്പ് രേഖപ്പെടുത്തേണ്ട ഭാഗത്ത് ഒപ്പ് രേഖപ്പെടുത്തി ഔദ്യോഗിക മുദ്രയും ഓഫീസ് മുദ്രയും പതിപ്പിക്കേണ്ടതാണ്.

ഒരോ സ്ഥാപനത്തിലും മാർക്ക് ഷീറ്റുകൾ ട്രെയിനികൾക്ക് വിതരണം നടത്തുന്നത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ടി രജിസ്റ്ററിൽ ട്രേഡ് ടെസ്റ്റ് നടന്ന മാസം/വർഷം, എത് സെമസ്റ്റർ പരീക്ഷയുടെ മാർക്ക് ഷീറ്റാണ് വിതരണം നടത്തുന്നത് എന്ന വിവരം, ട്രെയിനിയുടെ പേര്, ട്രേഡ്, റോൾ നമ്പർ, മാർക്ക് ഷീറ്റിൻെറ മുകൾ ഭാഗത്ത് രേഖപ്പെടുത്തിയിട്ടുള്ള സിരിയൽ നമ്പർ, പരീക്ഷയിൽ വിജയിച്ചോ അതോ പരാജയപ്പെട്ടോ എന്ന വിവരം, മാർക്ക് ഷീറ്റ് കൈപ്പറ്റുന്ന ട്രെയിനിയുടെ തീയതിയോടുകൂടിയ ഒപ്പ് തുടങ്ങിയവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സർക്കാർ /എസ്.സി.ഡി.ഡി. /എസ്.റ്റി.ഡി.ഡി. /സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക്